(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പത്താം പദ്ധതിയും ഊർജ്ജ മേഖലയും

*4 [563] ശ്രീ. കെ. കെ. ജയചന്ദ്രൻ:
ഡോ. തോമസ് ഐസക്:
ശ്രീ. മത്തായി ചാക്കോ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.

(എ) പത്താം പദ്ധതിയിൽ ലക്ഷ്യമിടുന്ന വൈദ്യുതി ഉൽപ്പാദന പദ്ധതികളെ കുറിച്ച് വിശദമാക്കാമോ;

(ബി) പത്താം പദ്ധതി അവസാനിക്കുമ്പോൾ സംസ്ഥാനം വൈദ്യുതിയുടെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കുമോ;

(സി) പത്താം പദ്ധതിയിൽ വിഭാവനം ചെയ്യുന്ന വൈദ്യുതി ഉൽപ്പാദന ശേഷിക്കനുസൃതമായി പദ്ധതികളുടെ നിർമ്മാണ പ്രവർത്തനത്തിൽ പുരോഗതിയുണ്ടായോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(ഡി) പത്താം പദ്ധതിയിൽ ഊർജ്ജമേഖലയ്ക്ക് മൊത്തം എന്ത് തുക വകയിരുത്തുകയുണ്ടായി; ഇതിനകം നടപ്പാക്കിയ വാർഷിക പദ്ധതികളോരോന്നിലും ഊർജ്ജമേഖലയിൽ എന്ത് തുക ചെലവഴിക്കുകയുണ്ടായി?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) ഇല്ല.

(സി) ഇല്ല. വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി യഥാസമയങ്ങളിൽ ലഭിക്കാതിരുന്നതും, പദ്ധതി നിർമ്മാണത്തിന് പ്രാദേശികമായി ഉണ്ടാകുന്ന എതിർപ്പുകളും തടസ്സങ്ങളും നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി തടസ്സപ്പെടുത്തിയിട്ടുണ്ട്.

(ഡി) പത്താം പദ്ധതിയിൽ ഊർജ്ജ മേഖലയ്ക്ക് മൊത്തം 3545 കോടി രൂപ ബോർഡ് വകയിരുത്തിയിട്ടുണ്ട്. ഇതിനകം ഊർജ്ജമേഖലയിൽ നടപ്പാക്കിയ പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച തുക താഴെ പറയുന്നു.

2002-2003	. .	441.92	കോടി രൂപ
2003-2004	. .	785.73	,,
2004-2005	. .	366.99	,,
(ഫെബ്രുവരി 2005 വരെ)			

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I എ—(തുടർച്ച)

10. ഐ. സി. എഫ്. ആർ. ഇ.
11. ഐ. സി. എം. ആർ.
12. കേരള ഫോറസ്റ്റ് ഡവലപ്പ്മെന്റ് ഫണ്ട്.
13. കേരള റിസർച്ച് പ്രോഗ്രാം ഓൺ ലോക്കൽ ലെവൽ ഡവലപ്പ്മെന്റ്.
14. നാഷണൽ ഹോർട്ടികൾച്ചറൽ ബോർഡ്.
15. കെ.എസ്.സി. എസ്.റ്റി.ഇ.
16. സ്പൈസസ് ബോർഡ്.
17. കേന്ദ്ര കേരള സർക്കാരുകളുടെ മറ്റ് വകുപ്പുകൾ.

അനുബന്ധം II

[22-3-2005-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ * 4 (563)-ന്റെ ഉത്തരം ദയവായി കാണുക.]

	പദ്ധതി	സ്ഥാപിത ശേഷി	ഉൽപ്പാദന ശേഷി	ഇപ്പോഴത്തെ സ്ഥിതി
1.	വഴിക്കടവ്, ഡൈവേർഷൻ	..	24 Mu	പണിപൂർത്തീകരിച്ചു
2.	ഉറുമി I & II	6.15 MW	16 Mu	പണിപൂർത്തീകരിച്ചു
3.	ചെമ്പുകടവ് I & II	6.5 MW	15.62 Mu	പണിപൂർത്തീകരിച്ചു
4.	വടക്കേപ്പുഴ ഡൈവേർഷൻ	..	12 Mu	പണിപൂർത്തീകരിച്ചു
5.	മലങ്കര	10.5 MW	65 Mu	പണിനടന്നുവരുന്നു.
6.	കുറ്റ്യാടി ആഗ്മെന്റേഷൻ	..	223 Mu	ഭാഗികമായി പൂർത്തീകരിച്ചു
7.	കുറ്റ്യാടി ടെയ്ൽ റേസ്	3.75 MW	15 Mu	പണിനടന്നുവരുന്നു.
8.	കുറ്റിയാർ ഡൈവേർഷൻ	..	37 Mu	പണിനടന്നുവരുന്നു.
9.	ലോവർ മീൻമുട്ടി	3.5 MW	10.14 Mu	പണിനടന്നുവരുന്നു.
10.	നേര്യമംഗലം എക്സ്റ്റൻഷൻ	2.5 MW	58 Mu	പണിനടന്നുവരുന്നു.
11.	കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ	100 MW	240 Mu	പണിനടന്നുവരുന്നു.
12.	അഴുത ഡൈവേർഷൻ	..	0.57 Mu	പണിനടന്നുവരുന്നു.
13.	വിലങ്ങാട്	7.5 MW	22.63 Mu	പ്രാരംഭ നടപടികൾ എടുത്തുവരുന്നു.
14.	പശുക്കടവ്	2 MW	5.85 Mu	
15.	പുഴിത്തോട്	4.8 MW	11.779 Mu	

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II—(തുടർച്ച)

16.	മണിയാർ ടെയ്ൽ റേസ്	4 MW	16 Mu	പ്രാരംഭ നടപടികൾ എടുത്തുവരുന്നു.
17.	ചാത്തൻകോട്ടുനട	6 MW	14.76 Mu	
	ആകെ	MW	179.6 MW	
	ആകെ	Mu	843.78 Mu	

അനുബന്ധം III

[22-3-2005-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ * 9 (568)-ന്റെ ഉത്തരം ദയവായി കാണുക.]

PROJECTS SUBMITTED TO GOVERNMENT OF INDIA DURING -2004-05

I. Schemes Under Integrated Development of Tourism Circuits

1. Development of Malabar Tourism Circuit (Sanctioned)

Sl. No.	*Component Name*	*Total Cost*	*Central Assistance (₹ in Lakhs)*
1	Tented accommodation in Parambikulam Wild Life Sanctuary, Palakkad	45.56	45.56
2	Development of Kappad Beach, Kozhikode	150.00	150.00
3	Pilgrim Tourist Facilitation Centre, Thirunelly, Wayanad	76.00	50.00
4	Pythalmala Eco-Development Project, Kannur	60.00	50.00
5	Development of Eco-Tourism in Nilambur, Malappuram	150.00	150.00
6	Integrated Tourism Development at Athirappally waterfall, Thrissur	500.00	350.00
	Total	981.56	795.56

LIBRARY ARCHIVES Kerala Legislative Assembly